ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:23.12.2025**

## പ്രധാനവാർത്തകൾ

1. **സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിൻറെ ഭാഗമായിയുള്ള കരട് വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടികയുടെ കൃത്യത ഉറപ്പാക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ.**
2. **ആലപ്പുഴ , കോട്ടയം ജില്ലകളിൽ പക്ഷി പനി സ്ഥിരികരിച്ചു. അടിയന്തര നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് നിർദേശം.**
3. **സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം തടയുന്നതിന് പുതിയ പദ്ധതിയുമായി കേരള പൊലീസ്. PREVENTION OF DRUG ABUSE- പോഡ പദ്ധതിക്ക് ഇന്ന് തുടക്കമാകും.**
4. **സർവ്വകാല റെക്കോർഡിൽ സ്വർണ്ണവില. പവൻ വില ഒരു ലക്ഷം കടന്നു. ഗ്രാമിന് 12,700 രൂപ.**
5. **ശബരിമലയിലേക്കുള്ള തങ്കഅങ്കി ഘോഷയാത്ര ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ടു. ഈ മാസം 27 ന് മണ്ഡല പൂജ.**
6. **ഇന്ത്യ - ശ്രീലങ്ക വനിതാ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.**

RNU TVPM

## തീവ്ര വോട്ടർ പട്ടിക

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായിയുള്ള കരട് വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും. പട്ടികയിന്മേലുള്ള പരാതികൾ അടുത്തമാസം 22 വരെ voters.eci.gov.in എന്ന പോർട്ടലിൽ സമർപ്പിക്കാം. സഹായത്തിനായ് 1950 എന്ന നമ്പറും തെരഞ്ഞെടുപ്പ് കമ്മീഷൻറെ വെബ്സൈറ്റും ഉപയോഗപ്പെടുത്താവുന്നതാണ്. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 21-ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടികയുടെ കൃത്യത ഉറപ്പാക്കാൻ എല്ലാ സമ്മതിദായകരും ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ അറിയിച്ചു. കേരളത്തിന് പുറമെ ഛത്തിസ്ഗഢ്, മധ്യപ്രദേശ്, ആൻഡമാൻ നിക്കോബർ എന്നിവിടങ്ങളിലും കരട് പട്ടിക ഇന്ന് പ്രസധ്ധീകരിക്കും.

## ജില്ലാ കളക്ടർ-മലപ്പുറം

സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് മാറ്റി വെച്ച മലപ്പുറത്ത് അടുത്തമാസം നടക്കുന്ന വോട്ടെടുപ്പിൻറെ

RNU TVPM

പശ്ചാത്തലത്തിൽ മുൻകൂർ അനുമതിയില്ലാത്ത വിജയാഘോഷ പരിപാടികൾക്ക് ഇന്ന് മുതൽ നിരോധനം ഏർപ്പെടുത്തി. ഇത് സംബന്ധിച്ച ഉത്തരവ് ജില്ലാ കള്ടകടർ പുറത്തിറക്കി. ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുമെന്നും കളക്ടർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## പക്ഷി പനി

ആലപ്പുഴ , കോട്ടയം ജില്ലകളിൽ പക്ഷി പനി സ്ഥിരികരിച്ചു. അടിയന്തര നടപടികൾ സ്വീകരിക്കാൻ മൃഗ സംരക്ഷണ മന്ത്രാലയം സംസ്ഥാന സർക്കാരിന് നിർദേശം നൽകി. ആലപ്പുഴയിലെ നെടുമുടി, കരുവാറ്റ, കാർത്തികപ്പള്ളി, തകഴി, പുറക്കാട് എന്നിവടങ്ങളിലും കോട്ടയത്തെ കുറുപ്പന്തറ, മാഞ്ഞൂർ കല്ലൂപുരയ്ക്കൽ, വെള്ളൂർ എന്നിവിടങ്ങളിലുമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## വി എൻ വാസവൻ

കേരള പെയിന്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിൻറ് റബ്ബർ പാലിൽ നിന്നും വികസിപ്പിച്ചെടുത്ത 'ഭദ്രം എമൽഷൻ പെയിൻ്റുകളുടെ ആദ്യ ഘട്ട ഫോർമുലകൾ പൂർത്തിയായി. ഔദ്യോഗിക ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ കോട്ടയം പുതുപ്പള്ളി ഇന്ത്യൻ റബ്ബർ ഗവേഷണ

കേന്ദ്രത്തിൽ നിർവഹിച്ചു. കഴിഞ്ഞ ഒന്നര വർഷമായി റബ്ബർ ബോർഡിന് കീഴിലുള്ള റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ നടന്ന ഗവേഷണങ്ങളുടെ ഫലമായാണ് റബ്ബർപാലിൽ നിന്ന് ഉയർന്ന ഗുണമേന്മയുള്ള പരിസ്ഥിതി സൗഹൃദ പെയിൻ്റ് നിർമ്മിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## സ്കൂളുകൾ ഇന്ന് അടയ്ക്കും

സംസ്ഥാനത്ത് പത്താം ക്ലാസ് വരെയുള്ള പരീക്ഷകൾ പൂർത്തിയാകുന്നതോടെ ക്രിസ്മസ് അവധിക്കായി ഇന്ന് സ്കൂളുകൾ അടയ്ക്കും. ഇത്തവണ 12 ദിവസത്തെ അവധിക്ക് ശേഷം ജനുവരി 5-ന് തുറക്കും.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## പോഡ പദ്ധതി (ഇൻട്രോ)

സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം തടയുന്നതിന് പുതിയ പദ്ധതിയുമായി കേരള പൊലീസ്. PREVENTION OF DRUG ABUSE - പോഡ എന്ന പദ്ധതിക്ക് ഇന്ന് തുടക്കമാകും. തിരുവനന്തപുരം പോലീസ് ആസ്ഥാനത്ത് വൈകിട്ട് നടക്കുന്ന ചടങ്ങിൽ പദ്ധതിയുടെ സമ്മതപത്രം ഡി.ജി.പി റവാഡ ചന്ദ്ര ശേഖറിന്, സി ഐ ഐ പ്രതിനിധികൾ കൈമാറും.

***വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......***

***(വോയിസ്)***

**ലഹരിവേട്ട-ഇടുക്കി**

പ്രകൃതിഭംഗിയാൽ വിനോദസഞ്ചാരികളെ ആകർഷിക്കുകയാണ് ഇടുക്കിയിലെ വാഗമണ്ണും പരിസരവും. എന്നാൽ ക്രിസ്മസ്-പുതുവത്സര ആഘോഷങ്ങൾക്കായി മേഖലയിലേക്ക് വലിയ തോതിൽ ലഹരിമരുന്ന് എത്താൻ സാധ്യതയുണ്ടെന്ന റിപ്പോർട്ടുകൾ ആശങ്കയുണർത്തുന്നു. ഇതിനെ നേരിടാൻ പൊലീസും എക്സൈസും പരിശോധന ശക്തമാക്കിയിരിക്കുകയാണ്.

**മുല്ലപ്പെരിയാർ**

മുല്ലപ്പെരിയാർ അണക്കെട്ടിൻ്റെ ബല ക്ഷയം സംബന്ധിച്ച് ഏറെ നിർണായമാകാവുന്ന ജലത്തിനടിയിലെ ആർ.ഒ.വി ( പരിശോധന ഇന്ന് തുടങ്ങും.1200 അടി നീളമുള്ള അണക്കെട്ട് 100 അടി വീതമുള്ള 12 ഭാഗങ്ങളായി തിരിച്ചാണ് ആദ്യഘട്ട പരിശോധന. ഇത് പൂർത്തിയായ ശേഷം 50 അടി വീതമുള്ള ഭാഗങ്ങളായി തിരിച്ച് പരിശോധിക്കും.

RNU TVPM

**ശബരിമല (ഇൻട്രോ)**

മണ്ഡലപൂജയ്ക്ക് സമാപനം കുറിച്ച് ശബരിമല അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കിയും വഹിച്ചു കൊണ്ടുള്ള ഘോഷയാത്ര ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ടു. ഈ മാസം 26-ന് വൈകിട്ട് തങ്കയങ്കിചാർത്തി ദീപാരാധന നടക്കും. 27-നാണ് മണ്ഡല പൂജ.

***ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ്.ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്.....***

***(വോയിസ്)***

RNU TVPM

**ക്ലൂ മൊബൈൽ ആപ്പ്**

പൊതുജനങ്ങൾക്ക് യാത്രക്കിടെ ശുചിമുറികൾ കണ്ടെത്താൻ സഹായകമാകുന്ന 'ക്ലൂ' മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാനത്ത് ഇന്ന് പുറത്തിറക്കും. ക്ലൂ സംവിധാനത്തിന്റെ ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് തിരുവനന്തപുരത്ത് നിർവ്വഹിക്കും. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'മാലിന്യമുക്തം നവകേരളം' പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷനാണ് ക്ലൂ ആപ്പ് സജ്ജമാക്കിയത്.

**വസന്തോത്സവം**

ക്രിസ്മസ് - പുതുവത്സരാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന വസന്തോത്സവത്തിന് നാളെ തിരുവനന്തപുരം കനകക്കുന്നിൽ തുടക്കമാകും. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 35,000 പൂച്ചെടികൾ ഇത്തവണ പുഷ്പമേളയിൽ കാണാനാകും. മേള അടുത്തമാസം 4 ന് സമാപിക്കും.

**സ്വർണ്ണവില**

സംസ്ഥാനത്ത് സ്വർണ്ണവില സർവ്വകാല റെക്കോർഡിൽ. പവൻ വില ഒരു ലക്ഷം കടന്നു. ഇന്ന് 1,760 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 1,600 രൂപ ആയി. ഗ്രാമിന് 220 രൂപ കൂടി 12,700 രൂപയിലെത്തി. വൻകിട നിക്ഷേപകർ ലാഭമെടുപ്പു നടത്തുകയാണെങ്കിൽ വിലയിൽ ചെറിയ കുറവുണ്ടായേക്കാമെന്നാണ് കരുതുന്നത്. അതേ സമയം, സ്വർണത്തിൻറെ അന്താരാഷ്ട്ര വില 4,500 ഡോളറും കടന്നു മുന്നേറിയാൽ ആഭ്യന്തര വിപണിയിൽ കൂടുതൽ ശക്തമായ വിലക്കയറ്റവും ഉണ്ടായേക്കാം.

**കണ്ണൂർ (ഇൻട്രോ)**

RNU TVPM

കണ്ണൂർ ആറളം ഫാമിലും പുനരധിവാസ മേഖലയിലും തമ്പടിച്ചിരിക്കുന്ന കാട്ടാനകളെ വന്യജീവി സങ്കേതത്തിലേക്ക് തിരിച്ചയക്കാനുള്ള ഓപ്പറേഷൻ ആറളം ഫാം-ഗജമുക്തി പദ്ധതി ഇന്ന് പുനരാരംഭിച്ചു.

വനം വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടാണ് രണ്ടുദിവസത്തെ ദൗത്യം.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ....***

***(വോയിസ്)***

RNU TVPM

**കാട്ടാനയിറങ്ങി**

അതിരപ്പിള്ളി വെറ്റിലപ്പാറയിലെ ജനവാസ മേഖലയിൽ കാട്ടാനയിറങ്ങി. ഏഴാറ്റുമുഖം ഗണപതി എന്ന കാട്ടാനയാണ് റോഡിലിറങ്ങിയത്. സമീപത്തെ വൈദ്യുതി പോസ്റ്റുകളും മരങ്ങളും വാഴകളും മറിച്ചിട്ടു. ആനയെ വനം വകുപ്പ് ഉദ്യോഗസ്ഥർ നിരീക്ഷിച്ചു വരികയാണ്.

**വനിതാ ക്രിക്കറ്റ്**

ഇന്ത്യ - ശ്രീലങ്ക വനിതാ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് വിശാഖപട്ടണത്ത് നടക്കും. വൈകു

ന്നേരം ഏഴിനാണ് മത്സരം. അഞ്ച് മത്സരങ്ങളാണ് പരമ്പരയിലുള്ളത്. അവസാന മൂന്ന് മത്സരം തിരുവനന്തപുരത്ത് നടക്കും.

**ഐ എസ് ആർ ഓ (ഇൻട്രോ)**

യു എസ് ഉപഗ്രഹം വിക്ഷേപിക്കാൻ ഒരുങ്ങി ISRO. LVM3-M6 വിക്ഷേപണവാഹനം
ഉപയോഗിച്ച് നാളെയാണ് വിക്ഷേപണം. LVM3 യുടെ ആറാമത് വിക്ഷേപണമാണ് ഇത്.

***വിശദാംശങ്ങളിലേക്ക്...***

***(വോയിസ്)***

RNU TVPM

**ഐ എസ് ആർ ഓ (വോയിസ്)**

യു എസിന്റെ AST SpaceMobile BlueBird Block-2 ആശയവിനിമയ ഉപഗ്രഹത്തിന്റെ വിക്ഷേപണം നാളെ രാവിലെ 8:54 നാണ്. ലോ എർത്ത് ഭ്രമണപഥത്തിലെ ഏറ്റവും വലിയ വാണിജ്യ ആശയവിനിമയ ഉപഗ്രഹവും ഇന്ത്യയിൽ നിന്ന് LVM -3 യിലൂടെ വിക്ഷേപിച്ച ഏറ്റവും ഭാരമേറിയ പേലോഡുമായിരിക്കും BlueBird Block-

2. ISRO വികസിപ്പിച്ചെടുത്ത മൂന്ന് ഘട്ടങ്ങളുള്ള വിക്ഷേപണ വാഹനമാണ് LVM3. പ്രത്യേക ഹാർഡ്‌വെയർ ഇല്ലാതെ സ്മാർട്ട്ഫോണുകളിലേക്ക് നേരിട്ടുള്ള സെല്ലുലാർ ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി നൽകുന്നതിനുള്ള AST SpaceMobile-ന്റെ സംവിധാനത്തിന്റെ ഭാഗമാണ് ഈ ഉപഗ്രഹം. ആഗോളതലത്തിൽ ഉപഗ്രഹത്തിലൂടെ നേരിട്ടുള്ള 4G/5G കണക്റ്റിവിറ്റി ലഭ്യമാക്കുകയാണ് ദൗത്യത്തിന്റെ ലക്ഷ്യം.

ന്യൂസ് ഡെസ്ക്, ആകാശവാണി

RNU TVPM

**ദേശീയ കർഷകദിനം**

ഇന്ന് ദേശീയ കർഷകദിനം. ഇന്ത്യയുടെ മുൻപ്രധാനമന്ത്രിയും ഭാരത രത്ന പുരസ്കാര ജേതാവുമായ ചൗധരി ചരൺസിംഗിൻറെ ജന്മദിനമാണ് ദേശീയ കർഷകദിനമായി ആചരിക്കുന്നത്. കാർഷിക പുരോഗതിക്കും കർഷകരുടെ അഭിവൃദ്ധിക്കുമായി ചൗധരി ചരൺസിംഗ് നല്കിയ സംഭാവനകൾ രാജ്യം എന്നും ഓർമ്മിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അനുസ്മരിച്ചു.

RNU TVPM